പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 589 - 06.02.2013-ലെ മറുപടിക്ക്

## സംസ്ഥാനത്തിന്റെ കടബാദ്ധ്യത

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനം രൂപം കൊണ്ടതിന് ശേഷം 2011 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത എത്ര കോടി രൂപയായിരുന്നു ; | 2011 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 78673.24 കോടി രൂപയായിരുന്നു |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര കോടി കടം എടുക്കുകയുണ്ടായി ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതുവരെ 18211.82 കോടി കടം എടുക്കുകയുണ്ടായി |
| (സി) മൊത്തം കടബാദ്ധ്യതയുടെ എത്ര ശതമാനം തുകയാണ് ഈ സർക്കാരിന്റെ കാലത്ത് എടുത്തതെന്ന് വിശദമാക്കാമോ; | 31.12.2012 വരെയുള്ള മൊത്തം കടത്തിൽ ഈ സർക്കാരിന്റെ കാലയളവിലെ കടം 18.8 ശതമാനമാണ്. |
| (ഡി) 2011-2012, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി വീതം കടം എടുക്കുന്നതിനായി കേന്ദ്രഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങിയിട്ടുണ്ടായിരുന്നു; ഇതിൽ മുൻ വർഷം എത്ര കോടി കടമെടുത്തു; നടപ്പു വർഷം എടുത്ത കടം എത്രയാണ് ;വ്യക്തമാക്കുമോ ? | 2011-2012-ൽ 10418 കോടി രൂപയും 2012-13-ൽ 12556.63 കോടി രൂപയും കടം എടുക്കാവുന്ന പരിധിയായി കേന്ദ്ര ഗവൺമെന്റ് തിട്ടപ്പെടുത്തുകയുണ്ടായി. 2011-12-ൽ 10744.94 കോടി രൂപയും 2012-13-ൽ 31.12.2012 വരെ പ്രാഥമിക കണക്കനുസരിച്ച് 7466.88 കോടി രൂപയും കടമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ